**സർക്കാർ ജോലി കിട്ടിയേ തീരൂ...ലോക്ക് ഡൗൺ കാലത്തും വാട്ട്സാപ് ഗ്രൂപ്പു വഴി പി.എസ്.സി പഠനം തുടർന്ന് ഇടുക്കിയിലെ മിടുക്കർ; കൂട്ടിന് കുടുംബശ്രീ**

ഇടുക്കി ജില്ലയിലെ വട്ടവടയിലെ 15 ചെറുപ്പക്കാർ. 11 പെൺകുട്ടികളും 4 ആൺകുട്ടികളും. ലക്ഷ്യം സർക്കാർ ജോലി. കുടുംബശ്രീയുടെ സഹായത്തോടെ സൗജന്യ പി.എസ്.സി പരിശീലനം നേടി വരുന്ന അവസരത്തിലാണ് നാടെങ്ങും ഭീതി പരത്തി കൊറോണയുടെ വരവ്. അതോടെ സെന്റർ അടച്ചു. എന്നാൽ കൊറോണ വൈറസും അതിന്റെ ഭീതിയും ലോക്ക് ഡൗൺ കാലത്തെ വീട്ടിലെ അടച്ചിരുപ്പുമൊന്നും ഇവരുടെ ആത്മവിശ്വാസത്തെയും ലക്ഷ്യബോധത്തെയും ഒട്ടും തന്നെ പോറലേൽപ്പിച്ചിട്ടില്ല. കുടുംബശ്രീയുടെ സഹായത്തോടെ പരിശീലനം വാട്ട്സാപ് ഗ്രൂപ്പു വഴിയാക്കി നൂറു ശതമാനം തീവ്രയജ്ഞം. അടുത്ത എൽ.ഡി.സി പരീക്ഷയിൽ റാങ്ക് ലിസ്റ്റിൽ കടന്നു കൂടണം. ജോലി കിട്ടി മാന്യമായി വരുമാനം നേടി കുടുംബം പുലർത്തണം. ഇടുക്കി ജില്ലയിലെ വട്ടവടയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഗ്രാമീണ വിജ്ഞാനകേന്ദ്രത്തിലെ പി.എസ്.സി കോച്ചിങ്ങ് സെന്ററിലെ കുട്ടികളാണ് ലോക്ക് ഡൗൺ കാലത്ത് പി.എസ്.സി പരീക്ഷാ പരിശീലനം കൈവിടാതെ വാട്ട്സാപ് ഗ്രൂപ്പു വഴി പഠനം തുടരുന്നത്. കർശനമായി സാമൂഹിക അകലം പാലിച്ചു കൊണ്ട് എല്ലാവരും സ്വന്തം വീടുകളിലിരുന്നാണ് പഠനവും പരീക്ഷയുമെല്ലാം.

കുടുംബശ്രീ ഇടുക്കി ജില്ലാമിഷൻ സ്നേഹിത ടീമിന്റെ നേതൃത്വത്തിലാണ് ഈ പരിശീലന പദ്ധതി നടപ്പാക്കുന്നത്. വട്ടവടയിൽ പഞ്ചായത്തിന്റെ വക കെട്ടിടത്തിലാണ് ഗ്രാമീണ വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ. ഇവിടെ പി.എസ്.സി പരിശീലനത്തിനെത്തുന്ന കുട്ടികളിലേറെയും തമിഴരാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണ് ഏറെയും. ഇവരുടെ രക്ഷിതാക്കളിൽ നല്ലൊരു വിഭാഗവും

കൂലിപ്പണിക്ക് പോയും കൃഷിപ്പണികളിലേർപ്പെട്ടും  കുടുംബം പുലർത്തുന്നവരാണ്. പെൺകുട്ടികളെ വളരെ ചെറിയ പ്രായത്തിൽ തന്നെ വിവാഹം ചെയ്ത് അയക്കുന്നതിനാൽ അവർക്ക് വിദ്യാഭ്യാസ രംഗത്ത് ഒട്ടും തന്നെ മുന്നേറാൻ കഴിയാത്ത സ്ഥിതിയാണ്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിനും ഇവിടെയുള്ള കുട്ടികൾക്ക് ആവശ്യമായ പരിശീലനവും പ്രചോദനവും ആത്മവിശ്വാസവും നൽകി അവർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിനായി കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ നടത്തിയ ഇടപെടലാണ് പി.എസ്.സി. കോച്ചിങ്ങ് എന്ന ആശയം. വണ്ടിപ്പെരിയാറിൽ പി.എസ്.സി കോച്ചിങ്ങ് നടത്തുന്ന പ്രമുഖ സ്ഥാപനമായ കെ.എം.ജി ട്രസ്റ്റിലെ അധ്യാപകനാണ്  ഗ്രാമീണ വിജ്ഞാന കേന്ദ്രത്തിലെ കുട്ടികളെയും പി.എസ്.സി പരീക്ഷയ്ക്കു വേണ്ടി പരിശീലിപ്പിക്കുന്നത്. വീഡിയോ ക്ളാസ് മുഖേനയാണ് കുട്ടികൾക്ക് പി.എസ്.സി പരിശീലന ക്ളാസുകൾ നൽകിയിരുന്നത്. പ്രൊജക്ടറും ഇന്റർനെറ്റ് കണക്ഷനും ലാപ്ടോപ്പ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും വട്ടവടയിലെ ഗ്രാമീണ വിജ്ഞാന കേന്ദ്രത്തിലുണ്ട്. ആഴ്ചയിൽ നാലു ദിവസം വീതമാണ് പരിശീലനം. കൂടാതെ പഞ്ചായത്ത് കെട്ടിടത്തിലുള്ള അഭിമന്യു സ്മാരക വായനശാലയിൽ നിന്നും കുട്ടികൾക്ക് വായിക്കുന്നതിനായി പുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ബിരുദ പഠനം പൂർത്തിയാക്കിയവരാണ് പരിശീലനാർത്ഥികൾ.

ലോക്ക് ഡൗൺ പ്രഖ്യാപനത്തെ തുടർന്ന്  കുട്ടികൾക്ക്  പരിശീലനം നൽകുന്ന അധ്യാപകൻ വണ്ടിപ്പെരിയാറിൽ നടത്തുന്ന സ്ഥാപനവും അടച്ചതോടെയാണ്  ഗ്രാമീണ വിജ്ഞാന കേന്ദ്രത്തിലെ കുട്ടികളുടെ പി.എസ്.സി പരീക്ഷാ പരിശീലനം മുടങ്ങുമെന്നായത്. എന്നാൽ ജില്ലാമിഷനിലെ സ്നേഹിത ജെൻഡർ ഹെൽപ്

ഡെസ്ക്കിന്റെ മേൽനോട്ടത്തിൽ പരിശീലനം വാട്ട്സാപ് രീതിയിലാക്കി കൊണ്ട് പഠനം തുടരാനുള്ള ക്രമീകരണങ്ങൾ നടത്തുകയായിരുന്നു. ഇതിന്റെ ഭാഗമായി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഒരു വാട്ട്സാപ് ഗ്രൂപ്പ് രൂപീകരിച്ചു. ഓരോ ദിവസവും ഏതെല്ലാം വിഷയങ്ങളിലാണ് പരിക്ഷ നടത്തുക എന്നതിനെ സംബന്ധിച്ച് അതിന്റെ പാഠ്യഭാഗങ്ങൾ കുടുംബശ്രീയിൽ നിന്നും ഈ വാട്ട്സാപ് ഗ്രൂപ്പിലേക്ക് അയച്ചു കൊടുക്കും. പിറ്റേന്ന് വൈകുന്നേരം അഞ്ചു മണിക്ക് ഈ വിഷയം സംബന്ധിച്ച പരീക്ഷ നടത്തും. ഇതിനായി മലയാളത്തിലുള്ള ചോദ്യപേപ്പർ വാട്ട്സാപിൽ നൽകും. അതോടൊപ്പം ഓരോ ചോദ്യത്തിന്റെയും തമിഴ് പരിഭാഷയും വാട്ട്സാപ് ഗ്രൂപ്പിലിടും. ആകെ 20 മാർക്കിന്റെ ചോദ്യങ്ങളാണ് ഉണ്ടാവുക. ജില്ലാമിഷൻ തങ്ങളെ വിശ്വസിച്ചു കൊണ്ട് നടത്തുന്ന പരീക്ഷയായതിനാൽ തന്നെ പരിശീലനാർതഥികൾ ആരും ഉത്തരങ്ങൾ നോക്കി എഴുതാറില്ല എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. ചോദ്യങ്ങൾക്കുള്ള ഉത്തരമെഴുതിയ ശേഷം എല്ലാവരും തങ്ങളുടെ ഉത്തരക്കടലാസ് വാട്ട്സാപ് ഗ്രൂപ്പിലിടും. കുടുംബശ്രീയിൽ ഇതിന്റെ ചുമതലയുള്ള സ്നേഹിത ടീം പരിശോധിച്ച് ഓരോരുത്തർക്കും ലഭിച്ച മാർക്ക് വാട്ട്സാപ് മുഖേന അറിയിക്കുകയും ചെയ്യുന്നു.

പി.എസ്.സി പരിശീലനത്തിനായി കുട്ടികളെ കണ്ടെത്തുന്നതിന് ഇടുക്കി ജില്ലാമിഷൻ നടത്തിയ പ്രവർത്തനങ്ങളും ഏറെ ശ്രദ്ധേയമായിരുന്നു. ജില്ലാമിഷൻ ഓഫീസിൽ നിന്നും വട്ടവടയിലേക്ക് 120 കിലോ മീറ്റർ ദൂരമുണ്ട്. ജില്ലാമിഷൻ സ്നേഹിത ടീമിന്റെ നേതൃത്വത്തിൽ വട്ടവടയിലെ മുഴുവൻ കുടുംബങ്ങളിലും നേരിട്ടു ചെന്ന് ഈ പദ്ധതിയെ കുറിച്ച് ബോധവത്കരണം നടത്തുകയും വട്ടവട നിവാസികൾക്ക് ഇതുമായി ബന്ധപ്പെട്ട ലഘുലേഖകൾ നൽകുകയും ചെയ്തിരുന്നു. കൂടാതെ സർക്കാർ ജോലി നേടുന്നതു

കൊണ്ട് അവർക്കും അവരുടെ കുടുംബത്തിനും സമൂഹത്തിനും ഉണ്ടാകുന്ന പുരോഗതിയെ കുറിച്ചും  നേട്ടങ്ങളെ കുറിച്ചുമെല്ലാം ആറുമാസത്തോളം നടത്തിയ തുടർ ബോധവത്കരണ പ്രവർത്തനങ്ങൾക്കു ശേഷമാണ് പി.എസ്.സി പരിശീലനത്തിനായി കുട്ടികൾ എത്തിത്തുടങ്ങിയത്. പഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസിന്റെയും കൂടി സഹകരണം ലഭിച്ചത് പദ്ധതി വേഗത്തിലാക്കാൻ സഹായിച്ചു. കുട്ടികളിലേറെയും തമിഴരാണ് എന്നതു കൊണ്ട് പാഠ്യഭാഗങ്ങളെല്ലാം തമിഴിലാണ് പഠിപ്പിക്കുന്നത്. ലോക്ക് ഡൗൺ തുടങ്ങിയ ശേഷം ഓൺലൈൻ വഴിയാക്കിയ പി.എസ്.സി പരിശീലനം ഇതു വരെ മുടങ്ങാതെ നടത്താൻ കഴിയുന്നതിൽ ജില്ലാമിഷൻ അധികൃതർക്കും ഏറെ ചാരിതാർത്ഥ്യമുണ്ട്.